**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2332** **09-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി മരുന്നുകളുടെ ഉപയോഗത്തിലെ വർദ്ധനവ് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | രാസ ലഹരി ഉൾപ്പെടെയുള്ള ലഹരി മരുന്നുകളുടെ ഉപയോഗവും വിതരണവും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ പോലും ഇതിൽ കണ്ണികളായി ഉൾപ്പെട്ടിട്ടുണ്ട് എന്ന ആശങ്ക സർക്കാർ ഗൗരവപൂർവം പരിശോധിക്കുമോ; | (എ) | രാസ ലഹരി ഉൾപ്പെടെയുള്ള വിവിധ ലഹരി മരുന്നുകളുടെ ഉപയോഗവും വിതരണവും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ട്. ചില ലഹരി മരുന്നു കേസുകളിൽ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെട്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഗൗരവപൂർവ്വം പരിശോധിച്ച് വരുന്നു. |
| (ബി) | എക്സൈസ് വകുപ്പിലെ ചുരുക്കം ചില ഉദ്യോഗസ്ഥർ ഇതിന് കൂട്ടുനിൽക്കുന്നു എന്ന രീതിയിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ ലഹരി കടത്തിന് സഹായിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ